(6 pages)

MAY 2024 **U/ID 30728/ULD1A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. അപ്പുണ്ണി മരിച്ചപോലെ നിന്നു. സംഭ്രമമടങ്ങിയപ്പോൾ കൊല്ലാനുള്ള പകയോടെ ശങ്കരൻനായരെ ഒന്നുനോക്കി - ഈ സന്ദർഭത്തെക്കുറിച്ച് വിശദമാക്കുക.

2. എനിക്ക് നാലുകെട്ടും നെല്ലിന് പത്തായവും ഇല്യ. എന്നാലും ഞാനൊരു ആണാണ് - ആരുടെ വാക്കുകൾ? സന്ദർഭമേത്?

3. മീനാക്ഷിയേടത്തി എന്നൊരാൾ വീട്ടിനകത്തുണ്ടെന്ന് അധികമാരും അറിയില്ല - ഈ പ്രസ്താവനയ്ക്കുശേഷം അവരെ വിവരിക്കുന്നതെങ്ങനെ?

4. അമ്മ ആദ്യമേ പറഞ്ഞതായിരുന്നു. പോണ്ട എന്ന്. എന്നിട്ടും വന്നു: അമ്മ ഇതറിയുമ്പോൾ - അപ്പുണ്ണിയുടെ ഈ വിചാരത്തിന് കാരണമെന്തായിരുന്നു?

5. അതേടീ, ഇക്കാലത്തു പണമാ വലുത്. നിന്റെ വല്യവലിപ്പോം കൊണ്ടിരുന്നാലെന്നാടീ വിശേഷം? - സന്ദർഭമെഴുതുക.

6. അതെനിക്കറിയാം. അതുകൊണ്ടാണല്ലോ ഞാൻ വല്ലപ്പോഴും ഇങ്ങോട്ടു വരുന്നത് - ആരാണിങ്ങനെ പറയുന്നത്? സന്ദർഭമേത്?

7. അക്കാര്യമൊഴിച്ചു വല്ലതും പറയുന്നെങ്കിൽ ഞാൻ കേൾക്കാം. ഉദ്യോഗത്തിന്റെ കാര്യം എന്നോടു പറയണ്ട - സന്ദർഭമേത്?

8. ഇതു വേണ്ട. സാറിനിതു നല്ല ഭംഗിയാ. വോറൊന്നു മേടിച്ചു തന്നാൽ മതി. കാശു തരാം - ഇങ്ങനെ പറയുന്നതെപ്പോൾ? വിശദീകരിക്കുക.

9. "അതിന്റെ പേരാണ് അഹന്ത" എന്ന് അയാൾ ഒച്ചയടക്കി പറഞ്ഞു - സന്ദർഭമെഴുതുക.

10. ആ നാലു കാശുണ്ടായിരുന്നെങ്കിൽ ഒരു ബീഡി മേടിച്ചു വലിക്കാമായിരുന്നു - രാമൻപിള്ള വിചാരിക്കുന്ന നാലു കാശ് ഏത്? സന്ദർഭമെഴുതുക.

11. ഏതായാലും അടുത്ത വർഷത്തെ ഉത്സവം വരാൻ അവൻ കാത്തിരുന്നു - കാരണമെന്ത്?

12. സാറു കണ്ടല്ലോ അങ്ങേരെ. സാറിനോടു ചോദിച്ചില്ലേ, പള്ളിക്കൂടത്തിൽ പഠിപ്പിക്കുന്ന സാറല്ലേന്ന് - ആരുടെ വാക്കുകൾ ? വിശദമാക്കുക.

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോന്നും 200 വാക്കിൽ കവിയരുത്.

13. പാപ്പിയമ്മൂമ്മയും ഗോപാലനും തമ്മിൽ അടുപ്പമുണ്ടായതെങ്ങനെ? വിശദമാക്കുക.

14. കാരൂരിന്റെ കഥകൾ എല്ലാക്കാലത്തും പ്രസക്തമാണ് - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

15. അന്നു ശവം കാത്തു നിന്നയാളിനോടുപോലും അസൂയ തോന്നി ഇന്ന് കുറുപ്പിന് - പോലീസുകാരന്റെ ദൈന്യത്തെക്കുറിച്ച്, ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

16. അന്തർജ്ജനത്തിന് അപ്പുവിനോടുള്ള മനോഭാവത്തെ കഥാകൃത്ത് വരച്ചു കാണിക്കുന്നതെങ്ങനെ?

17. പക്വതയുള്ള കഥാപാത്രമാണ് നാലുകെട്ടിലെ അപ്പുണ്ണി. - വിലയിരുത്തുക.

18. ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ച നാലുകെട്ട് എന്ന നോവലിൽ കാണാനാവും - വിശദമാക്കുക.

19. സെയ്ത്താലിക്കുട്ടിയോടൊപ്പം വയനാട്ടിലെത്തുന്ന അപ്പുണ്ണിയുടെ ജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങളെന്തെല്ലാം? വിശദീകരിക്കുക.

PART C — (30 marks)

20. ഏതെങ്കിലും ഒരു ചോദ്യത്തിന് 500 വാക്കിൽ ഉപന്യാസം തയ്യാറാക്കുക. $(1 \times 5 = 5)$

(a) മലിനീകരണവും പ്രകൃതി നേരിടുന്ന വെല്ലു വിളികളും

(b) വിദ്യാഭ്യാസവും കമ്പ്യൂട്ടർ സാങ്കേതികവിദ്യയും.

(c) കുടുംബശ്രീയും സ്വാശ്രയത്വവും.

21. തെറ്റുതിരുത്തുക : $(5 \times 1 = 5)$

(a) അസ്വസ്ഥത (b) വിവർത്തനം

(c) പരാചയം (d) സിദ്ദാന്തം

(e) ചലചിത്രം

22. ആശയം വിപുലീകരിക്കുക : $(2 \times 2\frac{1}{2} = 5)$

(a) അഴകുള്ള ചക്കയിൽ ചുളയില്ല.

(b) കയ്യനങ്ങാതെ വായനങ്ങില്ല.

23. പരാവർത്തനം ചെയ്യുക : $(1 \times 5 = 5)$

വായിച്ചാലും വളരും വായിച്ചില്ലേലും വളരും

വായിച്ചു വളർന്നാൽ വിളയും

വായിക്കാതെ വളർന്നാൽ വളയും

24. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക :

$(1 \times 10 = 10)$

Kochi was the centre of Indian spice trade for many centuries, and was known to the Yavanas (Greeks and Romans) as well as Jews, Syrians, Arabs, and Chinese since ancient times. Kochi rose to significance as a trading centre after the port Muziris around Kodungallur (Cranganore) was destroyed by massive flooding of Periyar in 1341. The earliest documented references to Kochi occur in books written by Chinese voyager Ma Huan during his visit to Kochi in the 15th century. There are also references to Kochi in accounts written by Italian traveller Niccolò Da Conti, who visited Kochi in 1440. According to many historians, the ancestor state to Kingdom of Kochi came into existence in early 12th century after the fall of the Chera Kingdom. The reign of the Kingdom was hereditary, and the family that ruled over the region was known as the

Perumpadappu rulers in the local language. The mainland Kochi remained the capital of the princely state since the 18th century. The King of Kochi only had authority over the region encompassing the present city of Kochi and connecting areas. However, during much of this time, the kingdom was under foreign control, and the King often only had formal privileges.